തുടർന്ന് ജില്ലാ സായുധ സേനയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് ആംഡ് റിസർവിലേയ്ക്കും അവിടെ നിന്ന് ലോക്കൽ വേക്കൻസി ഉണ്ടാകുന്ന മുറയ്ക്ക് ലോക്കൽ പോലീസിലേയ്ക്കും മാറ്റം നൽകുന്നു. ലോക്കൽ പോലീസിൽ മൂന്നു വർഷം സർവ്വീസ് പൂർത്തിയാക്കുമ്പോൾ കോൺസ്റ്റബിൾമാർ എച്ച്. സി. ടെസ്റ്റ് എഴുതാൻ യോഗ്യരാകുന്നു. പ്രസ്തുത ടെസ്റ്റ് എഴുതാൻ താൽപര്യമുള്ളവരിൽ നിന്ന് സമ്മതപത്രം സ്വീകരിച്ചശേഷം അവരെ എച്ച്.സി. ടെസ്റ്റ് എഴുതാൻ അനുവദിക്കുകയും അതിൽ വിജയിക്കുന്നവരെ ഒഴിവുണ്ടാകുന്ന മുറയ്ക്ക് ഹെഡ് കോൺസ്റ്റബിൾ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുകയും ചെയ്യുന്നു. തുടർന്ന് സീനിയോറിറ്റി അനുസരിച്ച് വേക്കൻസിയുടെ അടിസ്ഥാനത്തിൽ ഇവർക്ക് എ.എസ്.ഐ. റാങ്കിലേക്കും അതിനുശേഷം എസ്.ഐ. റാങ്കിലേക്കും പ്രൊമോഷൻ നൽകി വരുന്നു. ഇപ്രകാരം എ.എസ്. ഐ., എസ്.ഐ. തസ്തികകളിലേക്ക് പ്രൊമോഷൻ ലഭിക്കാനെടുക്കുന്ന കാലം കാൽ നൂറ്റാണ്ടിനകത്തും ചില സന്ദർഭങ്ങളിൽ അതിന് മുകളിലും ആകാറുണ്ട്. എച്ച്.സി.ടെസ്റ്റ് പാസാകാൻ കാലതാമസം ഉണ്ടാകുന്നതും, എസ്. ഐ.തസ്തികയിലെ (ലോക്കൽ വിഭാഗം) 50% ഒഴിവുകളിൽ പി.എസ്.സി. മുഖേന നേരിട്ട് നിയമനം നടത്തുന്നതും പ്രൊമോഷൻ കാലതാമസം ഉണ്ടാവാൻ കാരണമാകാറുണ്ട്.

(ഡി) 1372 പേർ.

ക്യാമ്പ് ഫോളോവേഴ്സ് ആയി ജോലി നോക്കുന്നവർ

(1587) ശ്രീ. കെ. ബാബു :

ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ പല വിഭാഗങ്ങളിലായി ക്യാമ്പ് ഫോളോവേഴ്സ് ആയി ജോലി നോക്കുന്നവർ എത്ര പേരുണ്ട്;

(ബി) ഇവരെ സേനാ വിഭാഗത്തിലാണോ മിനിസ്റ്റീരിയൽ വിഭാഗത്തിലാണോ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇവർക്കു നൽകിവരുന്ന ശമ്പളവും മറ്റു ആനുകൂല്യങ്ങളും ഏതു വിഭാഗത്തിന്റേതാണ്;

(ഡി) പോലീസ് സേനാവിഭാഗത്തിന്റെ പ്രത്യേക റൂൾസ് ഇവർക്ക് ബാധകമാണോ;

(ഇ) പോലീസ് ഉദ്യോഗസ്ഥന്മാരുടെ പ്രത്യേക താൽപര്യങ്ങൾക്കനുസൃതമായോ കുടുംബപരമായ ആവശ്യങ്ങൾക്കോ ഇവരുടെ സേവനം ഉപയോഗിക്കുന്നുണ്ടോ;

(എഫ്) ഡിപ്പാർട്ടുമെന്റിന്റേതായ ഉദ്യോഗക്കയറ്റം ഇവർക്കു നൽകാറുണ്ടോ?

ഉത്തരം

(എ) 913 പേർ.

(ബി) പോലീസ് സേനയുടെ പ്രത്യേക റൂൾസിൽ ഇവർ ഉൾപ്പെടുന്നില്ല. മിനിസ്റ്റീരിയൽ വിഭാഗത്തിലും ഇവർ ഉൾപ്പെടുന്നില്ല. ക്യാമ്പ് ഫോളോവർമാർ പോലീസ് വകുപ്പിൽ മാത്രമുള്ള തസ്തികയാണെന്നും മറ്റു വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡുകാരുമായി ഇവരെ താരതമ്യം ചെയ്യാൻ പാടില്ലെന്നും

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് ഡയറക്ടർ ജനറലിന്റെ 28.12.99-ലെ എൽ.4/61970/99 കത്തുപ്രകാരം എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും, സിറ്റി പോലീസ് കമ്മീഷണർമാർക്കും, കമാന്റുമാർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(സി) ഇവർക്ക് ക്ലാസ് 4 വിഭാഗത്തിന്റെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. കൂടാതെ റേഷൻ മണി, ഡേ ഓഫ് അലവൻസ്, സ്മാർട്ട് അലവൻസ്, കുക്കിംഗ് അലവൻസ് എന്നീ ആനുകൂല്യങ്ങളും ശമ്പളത്തോടൊപ്പം നൽകി വരുന്നുണ്ട്;

(ഡി) പോലീസ് സേനയുടെ സബോർഡിനേറ്റ് സർവീസിന്റെ പ്രത്യേക റൂൾസ് ഇവർക്ക് ബാധകമല്ല.

(ഇ) ഇല്ല.

(എഫ്) കാലാകാലങ്ങളിൽ പേ കമ്മിഷൻ ഓർഡർ പ്രകാരമുള്ള സമയബന്ധിത ഹയർഗ്രേഡ് ക്യാമ്പ് ഫോളോവർമാർക്കും നൽകി വരുന്നുണ്ട്.

ചികിത്സാ സഹായത്തിനുള്ള അപേക്ഷകൾ

(1597) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ സഹായത്തിനുള്ള ശ്രീ. സി. ബീരാൻ, ചോലകത്ത് ഹൗസ്, ചെടിപ്പടി.പി.ഒ., മലപ്പുറം ജില്ല എന്നയാളുടെ 4/99 ലെ അപേക്ഷയിൻമേൽ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ശ്രീമതി പി.കെ. നഫീസ്, കാലംപ്രഹൗസ്, തെന്നല, മലപ്പുറം എന്ന ആളുടെ 5/99 ലെ അപേക്ഷയിൻമേൽ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ശ്രീ. എ. മുഹമ്മദ്, എരണിക്കൽ, ചെടിപ്പടി (പി.ഒ), പരപ്പനങ്ങാടി എന്നയാളുടെ 5/00 അപേക്ഷയിന്മേൽ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) ശ്രീമതി പാത്തുമ്മ, മുഹമ്മദ് ഭാര്യ പെരിങ്ങഴക്കാട്, കുഴിപ്പുറം, ഇരിങ്ങല്ലൂർ (പി.ഒ) എന്നിവരുടെ 5/99 ലെ അപേക്ഷയിന്മേൽ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഈ ഉത്തരവുകളുടെ പകർപ്പുകൾ മേശപ്പുറത്ത് വയ്ക്കുമോ;

ഉത്തരം

(എ) ഉണ്ട്. 4.5.99 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 2009/99/റവ, പ്രകാരം 2,000/-രൂപ അനുവദിക്കുകയും അപേക്ഷകൻ മരണപ്പെട്ടതിനാൽ മകന് സഹായധനം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി & സി) ഉണ്ട്. 17.8.99 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.)നമ്പർ 3637/99/റവ.പ്രകാരം 2,000/- രൂപ വീതം അനുവദിക്കുകയും അപേക്ഷകർക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. 23.9.99 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 4298/99/റവ പ്രകാരം 2,000/- രൂപ അനുവദിക്കുകയും അപേക്ഷകന് വിത

LIBRARY ARCHIVES Kerala Legislative Assembly